**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1668** **19-09-2025 - ൽ മറുപടിയ്ക്ക്**

**വടക്കേക്കളം പ്ലാന്റേഷൻ ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ. കെ. രാജൻ (റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിലെ വടക്കേക്കളം പ്ലാന്റേഷൻ മിച്ച ഭൂമിയുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിൽ തുടരുന്ന സി.ആർ.പി.(എൽ.ആർ.)44/2013 നമ്പർ കേസുമായി ബന്ധപ്പെട്ട കോടതി വ്യവഹാരങ്ങൾ പൂർത്തിയാക്കി പ്ലാന്റേഷൻ ഭൂമി ഭൂരഹിതർക്ക് പതിച്ചുകൊടുക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കാമോ; വിശദമാക്കുമോ? | (എ) | തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിൽ വടക്കാഞ്ചേരി, പാർളിക്കാട് വില്ലേജുകളിലായി വടക്കേക്കളം പ്ലാൻറേഷൻ്റെ 73.73 ഏക്കർ ഭൂമി മിച്ചഭൂമിയായി ഏറ്റെടുക്കുന്നതിന് 18/08/2000-ൽ ഉത്തരവായിട്ടുള്ളതാണ്. പ്രസ്തുത ഭൂമിയിൽ നിന്നും 10 ഏക്കർ സ ഹകരണ എഞ്ചിനീയറിംഗ് കോളേജ് സ്ഥാപിക്കുന്നതിന് വേണ്ടി 07/05/2013-ലും, 63.73 ഏക്കർ ഭൂരഹിതരില്ലാത്ത കേരള പദ്ധതിയ്ക്ക് വേണ്ടി 03/06/2013-ലും പൊതു ആവശ്യത്തിന് സംവരണം ചെയ്ത് ലാൻഡ് ബോർഡിൽ നിന്നും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ലാൻറ് ബോർഡ് ഉത്തരവിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്തിട്ടുള്ള CRP(LR) 44/2013 നമ്പർ കേസിൽ ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നതുവരെ പതിവ് നടപടികൾക്ക് സ്റ്റേ നിലവിലുള്ളതിനാൽ പതിച്ച കൊടുക്കുന്നതിന് സാധിച്ചിട്ടില്ല. പ്രസ്തുത കേസ് അടിയന്തിരമായി തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുവാൻ അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ബഹു. ഹൈക്കോടതിയുടെ വിധിയ്ക്കനുസൃതമായി ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ